പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5554 04.07.2013 -ൽ മറുപടിക്ക്.

അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ് :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ അസംഘടിത തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് മുഖേനയും തനതായ പദ്ധതികൾ മുഖേനയും, തൊഴിൽ വകുപ്പ് നേരിട്ടും നടപ്പിലാക്കുന്ന താഴെപ്പറയുന്ന സുരക്ഷാ പദ്ധതികളാണ് നിലവിലുള്ളത്.<br>1. കേരള അബ്കാരി തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>2. കേരള കർഷക തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>3. കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് ക്ഷേമ നിധി പദ്ധതി<br>4. കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>5. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>6. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>7. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമ നിധി പദ്ധതി<br>8. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി<br>9. കേരള ബാർബർ & ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി<br>10. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ധനസഹായ പദ്ധതി<br>11. കേരള കൈത്തറി തൊഴിലാളി ക്ഷേമ പദ്ധതി |

12. കേരള ചുമട്ടു തൊഴിലാളി (ജോലി ക്രമീകരണവും ക്ഷേമവും) പദ്ധതി
13. കേരള ചുമട്ടു തൊഴിലാളി (സ്ക്കാറ്റേഡ് വിഭാഗം) ക്ഷേമ പദ്ധതി
14. കേരള തൊഴിലാളി ക്ഷേമ നിധി പദ്ധതി
15. കേരള അലക്കു തൊഴിലാളി ക്ഷേമനിധി പദ്ധതി
16. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി
17. കേരള പീടിക തൊഴിലാളി ക്ഷേമ പദ്ധതി
18. കേരള കള്ളുചെത്തു തൊഴിലാളി ക്ഷേമ പദ്ധതി
19. കേരള തയ്യൽ തൊഴിലാളി ക്ഷേമ പദ്ധതി
20. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി
21. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതി
22. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി
23. കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി
24. കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി
25. കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ നിധി പദ്ധതി
26. കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി
27. കേരള അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ പദ്ധതി
28. കേരള അവശതയനുഭവിക്കുന്ന മരം കയറ്റ തൊഴിലാളി പെൻഷൻ
29. കേരള മരം കയറ്റ തൊഴിലാളി ധനസഹായ പദ്ധതി
30. എസ്റ്റേറ്റ് വർക്കേഴ്സ് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്.
31. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളി പ്രസവാനുകൂല്യ പദ്ധതി
32. അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളി പുനരധിവാസ പദ്ധതി
33. തോട്ടം തൊഴിലാളി ഭവന പദ്ധതി
34. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക താങ്ങൽ പദ്ധതി

35. 2007- ലെ അസംഘടിത മേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസ ക്ഷേമപദ്ധതി
36. ആം ആദ്മി ബീമാ യോജന
37. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന
38. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
39. ചിസ് - പ്ലസ്
40. തോട്ടം തൊഴിലാളി ആശ്വാസ ധന സഹായ പദ്ധതി
41. അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെയും തോട്ടങ്ങളിലെയും കശുവണ്ടി ഫാക്ടറികളിലെയും കയർ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് നൽകുന്ന എക്സ് ഗ്രേഷ്യ ധനസഹായം
42. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നടപ്പിൽ വരുത്തിയതും ആവിഷ്കരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) 1. കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി
2. തോട്ടം തൊഴിലാളി ഭവന പദ്ധതി
3. കേരള അസംഘടിത തൊഴിലാളി പ്രസവാനുകൂല്യ പദ്ധതി

(സി) അസംഘടിത മേഖലയിലെ യോഗ്യതയുള്ളവരും, തൊഴിലില്ലാത്തവരും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ വിഭാഗത്തിൻെറ ഉന്നമനം ലക്ഷ്യമിട്ടു പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(സി) അസംഘടിത മേഖലയിലെ യോഗ്യതയുള്ളവരും, തൊഴിലില്ലാത്തവരും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ വിഭാഗത്തിൻെറ ഉന്നമനം ലക്ഷ്യമിട്ടു പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ സ്വയം തൊഴിൽ പദ്ധതികളായ ശരണ്യ, കെസ്റു, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ് എന്നിവ പ്രകാരം ഈ മേഖലയിലുള്ളവർക്കും ധനസഹായം ചെയ്യുന്നുണ്ട്. കൂടാതെ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പുതിയതായി എംപ്ലോയബിലിറ്റി സെൻററുകൾ ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ അഭിരുചിയും കഴിവുകളും തിരിച്ചറിഞ്ഞ്, അവ

മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പരിശീലനം നൽകിക്കൊണ്ട് അവർക്ക് യോഗ്യതയുള്ള ജോലികളിൽ അവരെ പ്രാപ്തരാക്കുന്നു. കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽദാതാക്കളുമായി സഹകരിച്ചു കൊണ്ട് നേരിട്ടും ജോബ്ഫെസ്റ്റുകൾ സംഘടിപ്പിച്ചുകൊണ്ടും ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നേടി കൊടുക്കുവാൻ അവസരം ഒരുക്കുന്നു. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും എംപ്ലോയബിലിറ്റി സെൻറർ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.